**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂമിക്ക് നികുതി അടക്കാൻ കഴിയാത്ത സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിൽ ചേലേമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ ഭൂരേഖാ പ്രകാരമുള്ള ഒട്ടളവ് പ്രകാരം നികുതി അടക്കുവാൻ ഭൂവുടമകൾക്ക് കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂരേഖാ പ്രകാരമുള്ള ഭൂഅളവും കമ്പ്യൂട്ടറിൽ നികുതി അടക്കാനുള്ള ഭൂഅളവും തമ്മിലുള്ള വ്യത്യാസം കാരണം ഭൂമി കുറവുള്ളതായി കാണുന്നത് പരിഹരിക്കുന്നതിനായി ഈ രണ്ട് വില്ലേജുകളിലും പ്രത്യേക നടപടി സ്വീകരിക്കുമോ; ഇതിനായി സ്ഥല പരിശോധനയും സർവ്വേ വിഭാഗത്തിന്റെ സഹായവും ലഭ്യമാക്കുമോ ; വിശദമാക്കുമോ; | (ബി) | ഇത്തരം കേസുകളിൽ സർവേ വിഭാഗത്തിന്റെ സഹായത്തോടുകൂടി നടപടികൾ പരമാവധി വേഗത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | സീനിയോറിറ്റി പ്രശ്നം പറഞ്ഞ് സർവ്വേക്കായി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും സർവ്വേ വിഭാഗത്തിന്റെ സഹായം അനിവാര്യമാണെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | ആയതു പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സർവ്വേ ഡയറക്ടർക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും സർക്കാർ തലത്തിൽ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ